പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) തോന്നല്ലൂർ പകുതിയിൽ സർവ്വെ 176/1 എ. നമ്പരിൽപ്പെട്ട 4 ഏക്കർ 95 സെൻറ സ്ഥലം കോഴിക്കോണത്തുവീട്ടിൽ കുട്ടൻപിള്ളയ്ക്കും, മാവോലിൽ ഗോപാലപിള്ളയ്ക്കുമായി കുത്തകപ്പാട്ടം കൊടുത്തിട്ടുണ്ട്.

(ബി) അതിന്മേലുണ്ടായിട്ടുള്ള പരാതികളെല്ലാം പരിഗണിച്ച് അനുവദിച്ച പാട്ടം ഒരു സ്റ്റേ ആർഡർമൂലം തടഞ്ഞിട്ടുണ്ട്. അടുത്ത നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അതിനെപ്പറ്റിയുള്ള വിശദമായ അന്വേഷണങ്ങൾ നടത്തിവരികയാണ്.

(സി) (ബി)–യുടെ ഉത്തരം കൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷ്യോൽപ്പാദനം.

193. [18] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഭക്ഷ്യോൽപ്പാദനപദ്ധതിയനുസരിച്ച് പാട്ടത്തിനു കൊടുത്തിരുന്ന ഭൂമികൾ അതാതു പാട്ടക്കാർക്കുതന്നെ സ്ഥിരപാട്ടത്തിനുകൊടുക്കാൻ നടപടിയെടുക്കുമോ;

(ബി) പുറംപോക്കുഭൂമി കൈവശക്കാരനിൽ നിന്നു ഒഴിവാക്കുവാനുള്ള നടപടികൾ നിവർത്തിവയ്ക്കുമോ?

ഉത്തരം.

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഭക്ഷ്യോൽപ്പാദനപദ്ധതിയനുസരിച്ച് പാട്ടത്തിനു കൊടുത്തിരുന്ന ഭൂമികൾ ഭൂരിഭാഗവും അവയുടെ പാട്ടക്കാലാവധിക്കു ശേഷം വിമുക്തഭടന്മാർക്ക് വീതിച്ചുകൊടുക്കുവാൻ നിശ്ചയിച്ചുപോയ സ്ഥിതിക്ക് അതാതു പാട്ടക്കാർക്കുതന്നെ സ്ഥിരപ്പാട്ടത്തിനു കൊടുക്കുവാൻ നിവൃത്തിയില്ല.

(ബി) പുറംപോക്കുഭൂമി കൈവശക്കാരിൽ നിന്നും ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ ഒന്നാകെ നിർത്തിവയ്ക്കുവാൻ സാധ്യമല്ല. വിമുക്തഭടന്മാർക്ക് വീതിച്ചുവച്ചിട്ടുള്ളതും, പൊതുജനോപയോഗത്തിന് അപ്പോഴപ്പോൾ ആവശ്യമായി വരുന്നതും സർക്കാർവക വിലപിടിപ്പുള്ള വനദ്രവ്യങ്ങളും മറ്റുമുള്ളതുമായ ഭൂമികളിൽ കയ്യേറിയിട്ടുള്ളവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കുവാനുദ്ദേശിക്കുന്നില്ല. എന്നാൽ അപ്രകാരം ഒഴിപ്പിച്ചെടുക്കുമ്പോൾ മറ്റു ഭൂമിയില്ലാത്ത കയ്യേറ്റക്കാരുടെ കാര്യം ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

വനംവക പുറംപോക്കു കയ്യേറ്റം.

194. [28] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിവിഷൻ പാലപ്പിള്ളി റേഞ്ചിൽ മുപ്ലിയം ബ്ലാക്കിൽ വനംവക പുറംപോക്കിൽ 1953, 54, 55 എന്നീ വർഷങ്ങ

LIBRARY ARCHIVES Kerala Legislative Assembly